**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2688** **06-10-2025 - ൽ മറുപടിയ്ക്ക്**

**കയർപിരി മെഷീനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ, പുതിയ ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കാനായി സംഘങ്ങൾക്ക് യന്ത്രവൽകൃത കയർപിരി മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദവിവരം ലഭ്യമാക്കാമോ; | (എ) | ചകിരിയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി മുഖേന 750 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ Maintenance ചെയ്യാൻ തീരുമാനിക്കുകയുംഅതിൽ 500 മെഷീനുകളുടെ Maintenance 2024-25 വർഷം പൂർത്തീകരിച്ചു ഉത്പാദനം വർദ്ധിപ്പിച്ചിട്ടുമുണ്ട്. ഇതിന്റെ ഫലമായി 30 Kg മുതൽ-50 Kg വരെ – (140 റണ്ണേജ്) ഉണ്ടായിരുന്ന കയർ ഉദ്പാദനം 50 Kg മുതൽ-65 Kg വരെ – (160 റണ്ണേജ്) – ആയി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | കയർ നിർമ്മാണത്തിന് ആവശ്യമായ ചകിരി വേർതിരിക്കൽ യൂണിറ്റുകൾ പ്രവർത്തിപ്പിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | കയർ സംഘങ്ങളിൽ സ്ഥാപിച്ച ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളോടൊപ്പം തന്നെ ഡീഫൈബറിംഗ് മെഷീനുകളുടെയും അറ്റകുറ്റ പണികളും സാങ്കേതികമായ പരിഷ്കരണങ്ങളും യഥാസമയം ഏറ്റെടുത്ത് നടത്തുന്നതിനു കയർ മെഷീൻ മാനുഫാക്ചറിംഗ് കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം 16 ഡീഫൈബറിംഗ് മെഷീനുകളുടെ ന്യൂനത പരിഹരിക്കുന്നതിന് 60 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട് |
| (സി) | കയർസംഘങ്ങൾക്ക് നൽകിയിട്ടുള്ള പഴയ യന്ത്രങ്ങൾക്ക് പകരം ഗുണമേന്മയുള്ള ഓട്ടോ ഫീഡർ മെഷീനുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദവിവരം ലഭ്യമാക്കാമോ? | (സി) | ഓട്ടോ ഫീഡർ ഉൾപ്പെട്ട ASM മെഷീനുകൾ സ്ഥാപിക്കുന്നതിന് ഈ സാമ്പത്തികവർഷം 32.84 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 10 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ MSCCDP പദ്ധതിയിലൂടെ കേന്ദ്ര സർക്കാർ നൽകുന്ന സഹായവും പ്രയോജനപ്പെടുത്തുന്നുണ്ട്. കൂടാതെ വിവിധ റണ്ണേജുള്ള കയർ പിരിക്കുന്നതിനുള്ള മെഷീനുകൾ ഉൾപ്പെടുത്തി കൂടുതൽ ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നതും പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ